**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6141** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖല വഴി പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിന് സമഗ്ര കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയിലൂടെ പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിന് സമഗ്ര സഹകരണ കർമ്മ പദ്ധതി രൂപീകരിച്ച് സഹകരണ നയം ആയി സ.ഉ. (അച്ചടി) നം. 73/2018/സഹ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ആഗോളവത്ക്കരണവും സാമ്പത്തിക പരിഷ്കാരങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെല്ലാം പലതരത്തിൽ അനുഭവിക്കുമ്പോഴും കേരളം വലിയ ഒരിളവ് വരെ ഇവയെ അതിജീവിക്കുന്നത് ഇവിടുത്തെ നയസമീപനങ്ങളും വിപുലമായ സഹകരണ മേഖലയും കാരണമാണ്. ആ നിലയ്ക്ക്, ഒറ്റനോട്ടത്തിൽത്തന്നെ ആഗോളവത്ക്കരണത്തിനും സാമ്പത്തികപരിഷ്കാരങ്ങൾക്കും ഉള്ള ഫലപ്രദമായ ബദലാണ് സഹകരണ മേഖല. കേരളത്തെ മികച്ച നിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിലും അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക എന്നതുമാണ് സമഗ്ര സഹകരണ കർമ്മ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ സജ്ജമാക്കാൻ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു<br><br>**<u>ഭിന്നശേഷികൾക്കായുള്ള സഹകരണ സംഘങ്ങൾ</u>**<br><br>സർക്കാരിന്റെ മൂന്നാം നൂറ്ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ |

ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി നൂതന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫെയർ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4508 ന്റെ പ്രവർത്തനോദ്ഘാടനം 13/05/2023 ന് നടത്തിയിരുന്നു.

**<u>ട്രാൻസ്ജെൻഡർ സഹകരണ സംഘം</u>**

കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കികൊണ്ട് തിരുവനന്തപുരം ആസ്ഥാനമായി ട്രാൻസ്ജെൻഡേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498, രൂപീകരിച്ചെങ്കിലും നിലവിൽ ടി സംഘം പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>വനിതാസഹകരണസംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതി</u>**

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലനപരിപാടികൾ/ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

**<u>എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾക്കായുള്ള പദ്ധതി</u>**

സംസ്ഥാനത്തെ എസ്.സി /എസ്.ടി സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതിയാണ് ഇത്. ടി പദ്ധതി പ്രകാരം വിവിധ എസ്.സി /എസ്.ടി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

**<u>സ്നേഹതീരം</u>**

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ

| | | | |
|---|---|---|---|
| | | | ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വായ്പ നൽകുന്നതിന് 17-05-2022 ലെ സ.ഉ(സാധാ)നം.341/2022/Co-op നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചു.<br><br>**<u>പട്ടികജാതി /പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങൾ</u>**<br><br>ഒരു ജില്ലയിൽ ഒന്ന് വീതം 14 ജില്ലകളിലും പട്ടികജാതി /പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചു .<br><br>**<u>KB- Wadi Loan</u>**<br><br>ആദിവാസി മേഖലയുടെ വികസനത്തിനും മുഖ്യമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനും സാമൂഹിക – സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കേരള ബാങ്ക് വഴി KB-Wadi Loan നൽകി വരുന്നു |
| (സി) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പുതിയ മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പുതിയകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് സഹകരണവകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേനെ സഹകരണ മേഖലയിൽ 6608 സ്ഥിരം തൊഴിലുകൾ ഉൾപ്പെടെ പ്രത്യക്ഷമായും പരോക്ഷമായും 142208 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് .<br><br>പുതിയ മേഖലയിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പുതിയകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തി നാലാം നൂറ് ദിന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രാദേശിക ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ ബാങ്കുകൾ വഴി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ആവിഷ്കരിച്ചിട്ടുണ്ട് .<br>• മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹായഹസ്തം പദ്ധതി മുഖേന സഹകരണ സംഘങ്ങൾ വഴി 14 ജില്ലകളിലായി 2949 വായ്പകളിലായി 5.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br>• പ്രാദേശിക ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് കേരള ബാങ്ക് വഴി KB-സുവിധ, സുവിധ പ്ലസ്, KB-Mithra(MSME), KB-യുവമിത്ര എന്നീ വായ്പ പദ്ധതികൾ നടപ്പിലാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ